ഒരുമയുടെ കേരളീയം ലക്കം 80-81

ലക്കം 23-24 • പുസ്തകം 6 • 2004 ഫെബ്രുവരി-മാർച്ച് • 1179 കുംഭം-മീനം • പേജ് 44 • വില 10 രൂപ





# നമ്മളുടെ വോട്ട് ജലത്തിനും ജീവനും

കേരളത്തിൽ സർക്കാരും രാഷ്ട്രീയ കക്ഷികളും (മാദ്ധ്യമങ്ങൾ പോലും) വരൾച്ച ആഘോഷിക്കുകയാണ്. എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും കുടിവെള്ളം പോലും കിട്ടാത്ത അവസ്ഥയാണ്. ടാങ്കറിലും കുപ്പിയിലും വെള്ളം വിൽക്കുന്നവർക്ക് കൊയ്ത്തുകാലമാണ്. സൂര്യാഘാതമേറ്റ് പക്ഷികളും മൃഗങ്ങളും മാത്രമല്ല മനുഷ്യർ പോലും മരിക്കുന്നു. നെല്ലും തെങ്ങും കുരുമുളകും റബ്ബറും വാഴയും ഏലവുമെല്ലാം കരിഞ്ഞുണങ്ങുന്നു. വയനാട്ടിലും പാലക്കാട്ടും കുട്ടനാട്ടും ഇടുക്കിയിലുമെല്ലാം കടക്കെണിയിൽപ്പെട്ട കർഷകർ ആത്മഹത്യ ചെയ്യുന്നു. വരൾച്ചയെപ്പറ്റി ഈ മാർച്ച് രണ്ടാം പകുതിയിൽ മാത്രമാണ് നമ്മുടെ സർക്കാർ പോലും അറിഞ്ഞത്. ഇതെന്തോ ഈ വർഷമുണ്ടായ ഒരൽഭുത പ്രതിഭാസമെന്ന മട്ടിലാണ് മാദ്ധ്യമങ്ങൾ പോലും കൈകാര്യം ചെയ്യുന്നത്.

മൂന്നു പതിറ്റാണ്ടിനിടയിൽ നമ്മുടെ നാൽപ്പത്തിനാല് നദികളും അവയിലേക്കൊഴുകിയെത്തിയിരുന്ന എല്ലാ നീർച്ചാലുകളും വറ്റിപ്പോയത് ഇവരാരും കണ്ടിരുന്നില്ല. ഈ വർഷം അൽപം മഴ കുറവുണ്ടായിരുന്നുവെന്നതു സമ്മതിച്ചാൽ തന്നെ ഇക്കാര്യം ഡിസംബർ മാസത്തിൽ തന്നെ നമുക്കറിയാവുന്നതല്ലേ? (അതിനു ശേഷം നമുക്കു കാര്യമായ മഴകിട്ടാറില്ലല്ലോ) ഗ്രൂപ്പു വഴക്കും സ്ഥാനാർത്ഥിത്തല്ലും അഴിമതിയുമായി കഴിയുന്നതിനിടെ ഇത്തരം 'നിസ്സാര' കാര്യങ്ങൾ ക്കൊക്കെ എവിടെ സമയം അല്ലേ? ഈ മേയ് മാസത്തിൽ ഒരു തെരഞ്ഞെടുപ്പുണ്ടായിരുന്നില്ലെങ്കിൽ ഇത് ആരെങ്കിലും ഗൗരവമായെടുക്കുമായിരുന്നോ?

വളരെ ഗൗരവത്തിൽ വരൾച്ചയെപ്പറ്റി സംസാരിക്കുമ്പോഴും അതിനെ നേരിടാൻ സ്വീകരിക്കുന്ന നടപടികളെന്തെല്ലാമാണ്? ദുരിതാശ്വാസത്തിനു കിട്ടുന്ന തുകയിലാണു തർക്കം. എത്രായിരം കോടി കിട്ടിയാലും വരൾച്ചക്കു പരിഹാരമാകുമോ? (ഇതു തന്നെയാണ് ശരാശരി മദ്ധ്യവർഗ മലയാളിയുടെ പ്രശ്നവും) ടാങ്കറിൽ വെള്ളം കൊടുക്കൽ, പൈപ്പിടൽ, കുഴൽക്കിണറടിക്കൽ തുടങ്ങിയ പരിപാടികളല്ലേ പരിഹാരം? ഇതിലൊക്കെ നല്ല 'വിഹിതം' കിട്ടുമെന്നതിനാൽ ഉത്സാഹക്കമ്മിറ്റിക്കാർ കാണും.

തമിഴ്നാട് 'മോഷ്ടിക്കുന്ന' ജലത്തെപ്പറ്റിയാണ് ഇപ്പോൾ വലിയ ചർച്ച നടക്കുന്നത്. എന്തൊരു ദേശസ്നേഹം! ഇതൊന്നും ഇക്കാലമത്രയും ആരും ഓർക്കാതിരുന്നതെന്തുകൊണ്ട്? ഭൂരിപക്ഷം മലയാളിക്കും കുടിക്കാനും കുളിക്കാനും വേണ്ട വെള്ളം പൈപ്പിലോ ടാങ്കറിലോ കുപ്പിയിലോ (അൽപം കഴിഞ്ഞാൽ സിറിഞ്ചിലോ) കിട്ടിയാലും മതി. അതിനപ്പുറം വെള്ളത്തിനൊരു ഉപയോഗമുണ്ടെന്നവർക്കറിയില്ല. പിന്നെ കുറച്ചു ദുരിതം വരുന്നത് കൃഷിക്കാർക്കാണ്. അവർക്കാണെങ്കിൽ നാണ്യ വിളകൾ മതി. ഇപ്പോഴും ചിറ്റൂരിലേയും വയനാട്ടിലേയും കുട്ടനാട്ടിലേയും കർഷകരാണ് ജലപ്രശ്നം രാഷ്ട്രീയക്കാരന്റെ അജണ്ടയിലേക്കെറിയാൻ ശ്രമിക്കുന്നത്.

തമിഴനും തെലുങ്കനും കന്നടക്കാരനും വെള്ളം എന്നേ ഒരു രാഷ്ട്രീയ പ്രശ്നമാണ്. ഇതിന് കാരണം അവർ നയിക്കുന്നത് ഒരു 'ജൈവ' ജീവിതമാണ് എന്നതാണ്. അവർ തങ്ങൾക്കു കിട്ടുന്ന വെള്ളം മണ്ണിനുനൽകിയുണ്ടാക്കുന്ന വിളകൾ തിന്നാണ് നമ്മൾ ജീവിക്കുന്നത്. അതുമാത്രവുമല്ല, സഹ്യപർവ്വതത്തിൽ നിന്നും നമ്മുടെ നാട്ടിലേക്കൊഴുകുന്ന നദികളിലെല്ലാം വെള്ളം വരുന്നത് തമിഴ്നാടിന്റെ അതിർത്തിക്കകത്തുള്ള വനത്തിൽ നിന്നാണ്. നമ്മുടെ വശത്തുള്ള വനങ്ങളിൽ വലിയൊരു പങ്കും നാം നശിപ്പിച്ചു. കുന്നുകളെല്ലാം ഇടിച്ചു നിരത്തി. അതുകൊണ്ട് നമ്മുടെ പുഴയിൽ തമിഴന്റെ വെള്ളം മാത്രമേയുള്ളൂവെന്ന സ്ഥിതിയായി. ഇനി ഏറെ മല്ലടിച്ച് നമുക്കു കുറച്ചു വെള്ളം കിട്ടിയാലോ? ഉടനെത്തന്നെ നാം അണകെട്ടി വൈദ്യുതപദ്ധതിയുണ്ടാക്കും. അല്ലെങ്കിൽ ഒരു വാട്ടർ തീം പാർക്കുണ്ടാക്കും. (ഇവയാണല്ലോ നമ്മുടെ മുൻഗണനാ വികസനം!) ഇതിനും കഴിയില്ലെങ്കിൽ നമ്മൾ രണ്ടു കോള കമ്പനികൾക്കു കൂടി ലൈസൻസ് നൽകും. ഇതെല്ലാം വച്ചുകൊണ്ട് നാം തമിഴനോട് ഗുസ്തി പിടിക്കണോ?

വികസനമെന്ന പേരിൽ നാം ചെയ്തതെല്ലാം നമ്മുടെ ഈ ദുരവസ്ഥക്കു കാരണമായി. നാണ്യവിളകൾക്കായി എസ്റ്റേറ്റുണ്ടാക്കിയപ്പോഴും കുടിയേറ്റം നടത്തിയപ്പോഴുമല്ലേ നമ്മുടെ വനം നശിച്ചത്? അതുമൂലമല്ലേ മഴയിൽ തന്നെ കുറവുണ്ടായത്? കേരളത്തിന്റെ ചൂടു കൂടിയത്? മലകളും കുന്നുകളുമിടിച്ചുനിരത്തി ജലസംഭരണശേഷി തകർത്തതും വികസനത്തിനു തന്നെ. മലയാളിയുടെ ഏറ്റവും വലിയ ദുരന്തമായ കെട്ടിട നിർമ്മാണ സംസ്കാരം മൂലമല്ലേ നമ്മുടെ പുഴകളിലെ മണൽ വാരിയെടുത്തത്. മണലെന്നാൽ കെട്ടിട നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തു മാത്രമാണെന്ന് നാം കരുതി. പാടങ്ങളും കുളങ്ങളും കായലുകളും ചതുപ്പുകളും നികത്തി. റോഡും കെട്ടിടങ്ങളും വികസന സൂചകങ്ങളായി. വ്യവസായശാലകളും കമ്പോളങ്ങളും ആശുപത്രികളും മുതൽ ആരാധനാലയങ്ങൾ വരെ നമ്മുടെ ജലസ്രോതസ്സുകളെ മലിനമാക്കി.

ജനകീയ പങ്കാളിത്ത വികസനത്തിലും നേട്ടമായി നാം ഉയർത്തിക്കാട്ടിയത് 17,000 കി.മീ. റോഡുകളാണ്. ജനങ്ങളുടെമേൽ എത്ര സെസ്സും ടോളും അടിച്ചേൽപ്പിച്ചിട്ടാണെങ്കിലും കേരളത്തെ നെടുകെ പിളർക്കുന്ന സൂപ്പർ ഹൈവേ നിർമ്മിക്കുമെന്നാണ് മുഖ്യമന്ത്രി പറയുന്നത്.

ഇതിനായി കേരളത്തിൽ ബാക്കിയുള്ള മലകളിടിച്ചു നികത്തും. കരിങ്കൽ ക്വാറികളെന്ന മഹാഗർത്തങ്ങൾ തീർക്കും. മണൽ ഉള്ളതു കൂടിയെടുക്കും. (ഈ വരൾച്ച കാലത്ത് മണൽ വാരൽ നിരോധിക്കുമെന്നും മറ്റും മന്ത്രിമാർ പറയുന്നത് ഇതിന്റെ കൂടെയാണ്!)

ഒരു സമൂഹത്തിന്റെ നിലനിൽപ്പിനാവശ്യമായ ജീവജലം ലഭ്യമാക്കുകയെന്നത് പ്രാഥമിക കടമയായിപ്പോലും കാണാത്ത ഒരു സർക്കാരിനെ തെരഞ്ഞെടുക്കലാണോ നമ്മുടെ ജോലി? അതിനാണോ നാം വോട്ടു ചെയ്യുന്നത്. ഈ വരൾച്ചയ്ക്ക് ഒരു രാഷ്ട്രീയമുണ്ടോ? ഇല്ലെന്നാവും നേതാക്കൾ പറയുക. പക്ഷെ സമൂഹത്തെ ബാധിക്കുന്ന ഏറ്റവും ഗുരുതരമായ ഈ പ്രശ്നത്തിൽ നിലപാടെടുക്കാതെ വോട്ടു ചെയ്യുന്നതെന്തിനെന്ന് നാം ആലോചിക്കുമോ? 'ഇന്ത്യ തിളങ്ങുന്നു' തുടങ്ങിയ കൺകെട്ടുകളിലും ഗ്രൂപ്പു വഴക്കിലും അഴിമതിയിലും 'പേയ്മെന്റ് സീറ്റിലും' ഉടക്കി നിൽക്കണോ നാം?

*സി.ആർ. നീലകണ്ഠൻ*
*(ഗസ്റ്റ് എഡിറ്റർ)*

പത്രാധിപർ : പ്രമോദ്; ഏകോപനം : റോബിൻ
മുഖചിത്രം, ചിത്രീകരണം, രൂപകല്പന: ജീവൻ; ഫോട്ടോ: അജിലാൽ, മധുരാജ്; ടൈപ്പ് സെറ്റിങ്ങ് : മൗസ് ആന്റ് മൈന്റ്സ്, തൃശൂർ
സാങ്കേതിക സഹായം : ചന്ദ്രൻ, അശോകൻ, ജയ, ജയപ്രകാശ്, പി.ടി.എം.ഹുസൈൻ, ബേബി എ.എ., വി.എം.ഗിരിജ, ഷീബ, തോമസ്